"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ദാരിദ്ര്യ ലഘൂകരണ വിഭാഗം-കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടെ റഗുലറൈസേഷൻ -സംസ്ഥാനത്തെ വിവിധ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിലെ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരായ ശ്രീമതി.പ്രിയ ലക്ഷ്മി എസ്.പി., ശ്രീ.ഇഷാൻ താരിഖ്.എം, ശ്രീ.സുജിത്ത്.ആർ, ശ്രീമതി. ഷൈല കെ.തങ്കച്ചൻ എന്നിവർ ഫയൽ ചെയ്ത OA(EKM) 1395/2019, ശ്രീമതി. സുനിതകുമാരി.പി.എം ഫയൽ ചെയ്ത OA(EKM) 1196/2019 എന്നീ കേസുകളിൽ ബഹു. KAT-ന്റെ 8/08/2023 ലെ വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

സ.ഉ.(കൈ) നം.172/2024/LSGD തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:-

1. 1/11/2021-ലെ കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ R20015/2/2020-DRDA നമ്പർ കത്ത്
2. O.A No. 1395/2019 O.A (Ekm) No. 1196/2019-ലെ ബഹു. ട്രിബ്യൂണലിന്റെ 8/08/2023-ലെ വിധിന്യായം.
3. 29/01/2021-ലെ ഗ്രാമവികസന കമ്മീഷണറുടെ 11078/എസ്റ്റാ.ഡി4/2019 നമ്പർ കത്ത്.
4. ജി.ഒ(എം.എസ്) നം.87/2023/ത.സ്വ.ഭ.വ തീയതി 2/04/2023.
5. സ.ഉ(കൈ) 58/2024(52) തീയതി 14/06/2024.
6. 23/8/2023-ശ്രീമതി .ഷൈല കെ.തങ്കച്ചൻ സമർപ്പിച്ച അപേക്ഷ
7. 15/07/2024-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/25822/2024/DEF3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിവിധ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ (പഴയ DRDA) ദിവസ വേതനാടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിൽ 20 ൽപ്പരം വർഷങ്ങളായി ജോലിചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ച് വിവിധ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിലെ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരായ ശ്രീമതി.പ്രിയ ലക്ഷ്മി എസ്.പി., ശ്രീ.ഇഷാൻ താരിഖ്.എം , ശ്രീ.സുജിത്ത്.ആർ, ശ്രീമതി. ഷൈല കെ.തങ്കച്ചൻ എന്നിവർ ഫയൽ ചെയ്ത OA(EKM) 1395/2019, ശ്രീമതി. സുനിതകുമാരി.പി.എം ഫയൽ ചെയ്ത OA(EKM) 1196/2019 എന്നീ കേസുകളിൽ ബഹു.ട്രിബ്യൂണൽ പരാമർശം (2) പ്രകാരം ചുവടെപ്പറയും പ്രകാരം ഉത്തരവായിരുന്നു.

" Therefore in view of the fact that the 1st respondent(Secretary to Government LSGD) did not consider the case of the applicants in tune with the direction issued in Annexure A8 order, the order Annexure A10 in O.A.

No.1395/2019 and Annexure A9 order in O.A.(Ekm)No.1196 of 2O19 are set aside.

There shall be a direction to the 1st respondent to re-consider the claim of applicants for regularisation in tune with the direction in Annexure A8 order and to consider the feasibility of the absorption of applicants in the line departments ie, LSGD or Rural Development Department, against posts which are available in those Departments, in tune with the direction in Annexure A3 letter, taking note of the regularisation already granted to one of the Computer Operators similarly situated like applicants. Orders shall be passed in this regard within a period of three months from the date of receipt of a copy of this order."

2. സംസ്ഥാനത്തെ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നത് ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിൽനിന്നാണ്. പ്രസ്തുത ഫണ്ട് 01.04.2022 മുതൽ നിർത്തലാക്കിയ സാഹചര്യത്തിൽ ഡി ആർ ഡി എ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരിച്ചെടുക്കുകയോ ലൈൻ ഡിപ്പാർട്ടുമെന്റുകളിലേക്ക് "അബ്സോർബ്" ചെയ്യേണ്ടതോ ആണെന്നും മറ്റ് സപ്പോർട്ടിംഗ് സ്റ്റാഫുകളെ ലൈൻ ഡിപ്പാർട്ട്മെന്റിലേയ്ക്ക് അബ്സോർബ് ചെയ്യുകയോ അല്ലെങ്കിൽ യോഗ്യതയ്ക്കനുസരിച്ച് ജില്ലാ പ്ളാനിംഗ് ആൻഡ് മോണിറ്ററിംഗ് ബോഡിയിലോ അഥവാ ഇത്തരം പുനർവിന്യാസം സാധ്യമല്ലാത്തപക്ഷം MGNREGS, PMAY, NSAP തുടങ്ങിയ സ്കീമുകളുടെ നടത്തിപ്പിലേയ്ക്കോ ഇവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണെന്നും കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പരാമർശം (1) കത്തിൽ നിർദ്ദേശിച്ചിരുന്നു. കൂടാതെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ആയത് സംബന്ധിച്ച നടപടി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

3. കഴിഞ്ഞ 20-ൽപ്പരം വർഷങ്ങളായി ഇവർ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ ജോലിയിൽ തുടരുന്നുവെന്നും വിവര സാങ്കേതിക പ്രവർത്തനങ്ങളും പി.എം.കെ.എസ്.വൈ, പി.എം.എ.വൈ, റർബൻ പദ്ധതികളുടെ ഡാറ്റാ എൻട്രി/എം.ഐ.എസ് പ്രവർത്തനങ്ങളും കാര്യക്ഷമമായി നിർവ്വഹിച്ചു വരുന്നുണ്ടെന്നും പരാമർശം (3) പ്രകാരം ഗ്രാമവികസനകമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

4. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവന്നിരുന്ന 5 കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലാദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ ദിവസവേതനാടിസ്ഥനത്തിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീ .അനിത്ത് കുമാർ ചാത്തോത്തിന്റെ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പരാമർശം (4) പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. തുടർന്ന് 26500-60700 ശമ്പള സ്കെയിലിൽ പരാമർശം (5) പ്രകാരം ടിയാന്റെ ശമ്പളം നിർണയിച്ച് നൽകിയിരുന്നു.

5. മേൽ വസ്തുതകൾ കണക്കിലെടുത്ത് സംസ്ഥാനത്തെ വിവിധ ജില്ലാദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ ജോലിചെയ്തുവരുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റർമാരായ പ്രിയ ലക്ഷ്മി എസ്. പി. (തിരുവനന്തപുരം ജില്ലാദാരിദ്ര്യ ലഘൂകരണവിഭാഗം), ശ്രീ.ഇഷാൻ താരിഖ്.എം (കൊല്ലംജില്ലാ ദാരിദ്ര്യ

ലഘൂകരണവിഭാഗം ),സുജിത് ആർ. (ആലപ്പുഴ ജില്ലാദാരിദ്ര്യ ലഘൂകരണവിഭാഗം), ശ്രീമതി ഷൈല കെ. തങ്കച്ചൻ(ഇടുക്കി, ജില്ലാദാരിദ്ര്യ ലഘൂകരണവിഭാഗം), സുനിതകുമാരി പി.എം. (കോഴിക്കോട് ജില്ലാദാരിദ്ര്യ ലഘൂകരണവിഭാഗം) എന്നിവരെ ഒരു പ്രത്യേക കേസായി പരിഗണിച്ച് മുമ്പുള്ള സേവനകാലാവധി യാതൊരു സർവീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കില്ലെന്ന വ്യവസ്ഥയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയും സമാന തസ്തികയ്ക്ക് പരാമർശം (5)സർക്കാർ ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളും ശമ്പള സ്കെയിലും (26500-60700/-) ബാധകമാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇപ്രകാരം ബഹു.ട്രിബ്യൂണലിന്റെ പരാമർശം (2) വിധിന്യായം പാലിച്ചും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി.എസ്എസ് എ ) കേരള, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ തിരുവനന്തപുരം, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം
പ്രോജക്ട് ഡയറക്ടർ ,കൊല്ലം , ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം
പ്രോജക്ട് ഡയറക്ടർ ആലപ്പുഴ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം
പ്രോജക്ട് ഡയറക്ടർ ഇടുക്കി ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം
പ്രോജക്ട് ഡയറക്ടർ കോഴിക്കോട്, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം
ബന്ധപ്പെട്ട ജീവനക്കാർക്ക്.
ധനകാര്യ (വികസന) വകുപ്പ്(Vide DEV-5/83/2022-FIN dated 26/07/2024)
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
Date: 07-12-2024 11:39:59
സെക്ഷൻ ഓഫീസർ